പ്രൊഫ. എ. ഡി. മുസ്തഫ : സർ, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സമാനസ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ സംയോജിപ്പിക്കാൻ ഒരു സാംസ്കാരിക ഡയറക്ടറേറ്റ് ഉണ്ടാക്കുന്ന കാര്യം പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സംസ്കാരം എന്ന മഹത്തായ പദത്തിന്റെ പേരിൽ നടത്തുന്ന ഈ കോലാഹലങ്ങൾ കൾച്ചറൽ പ്രോഗ്രാംസ്, സാംസ്കാരിക സംഘടനകൾ നടത്തുന്ന സാംസ്കാരിക സമ്മേളനങ്ങൾ ഇതൊക്കെയൊന്നു നിയന്ത്രിക്കാനുള്ള അല്ലെങ്കിൽ ഇവയ്ക്ക് ബാധകമായ നോംസ് കൊണ്ടുവരാനുള്ള സംവിധാനവും ഈ ഡയറക്ടറേറ്റിന്റെ കീഴിൽ വരുത്താൻ സാദ്ധ്യമാണോ?

ശ്രീ. ജി. കാർത്തികേയൻ : സർ, സംസ്കാരത്തിന്റെ പേരിൽ നടക്കുന്ന പരിപാടികൾ എങ്ങനെ നിയന്ത്രിക്കാൻ കഴിയും? പുതിയ പുതിയ സാംസ്കാരിക പരിപാടികൾ രംഗത്തു വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നൃത്തത്തിന്റെ രൂപത്തിൽ സിനിമാറ്റിക് ഡാൻസ് വരുന്നു, ബ്രേക്ക് ഡാൻസ് വരുന്നു, സംഗീതത്തിൽ സ്പീഡ് വരുന്നു. ശുദ്ധമായ നാടകം മാറി മറ്റു പലതും വരുന്നു. ഇതൊക്കെ ഏതുതരത്തിൽ അവതരിപ്പിക്കണം എന്നുപറയാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. ആസ്വദിക്കുന്ന ജനങ്ങൾ ആസ്വാദക സ്വഭാവം മാറ്റണം. അവതരിപ്പിക്കുന്ന കലാകാരൻമാർ അവരുടെ സമീപനം മാറ്റണം എന്നല്ലാതെ ഗവൺമെന്റിന് ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആളുകളുടെ ആസ്വാദന മേഖലയിലേക്കും ആവിഷ്കാര സ്വാതന്ത്ര്യത്തിലേക്കും കടന്നുചെല്ലാൻ സാദ്ധ്യമല്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തരത്തിൽ ഗവൺമെന്റിന് ഇടപെടാൻ സാദ്ധ്യമല്ല.

പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്താൻ നടപടി

*2 [62] ശ്രീ. ടി. പി. എം. സാഹിർ :
,, സി. മോയിൻകുട്ടി :
,, യു. സി. രാമൻ :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ ഇവിടത്തെ ആവശ്യത്തിന് മതിയാകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കുറവ് പരിഹരിക്കാൻ എത്ര പാൽ കൂടുതലായി ഉല്പാദിപ്പിക്കണം;

(സി) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികൾ എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ ആന്റ് ബി) ഇല്ല, ഇത് പരിഹരിക്കുവാൻ പ്രതിവർഷം 5.87 എൽ. എം. ടി. പാൽ കൂടുതലായി ഉൽപ്പാദിപ്പിക്കണം.

(സി ആന്റ് ഡി) ഉണ്ട്, വിജ്ഞാനവ്യാപനം ഗുണമേൻമയുള്ള കാലിത്തീറ്റ ഉൽപ്പാദനവും വിതരണവും, പച്ചപ്പുൽകൃഷി വ്യാപന പരിപാടി, പാൽ വിപണനത്തിനായി സഹകരണ മേഖല ശക്തിപ്പെടുത്തൽ, രോഗപ്രതിരോധത്തിനായി നാഷണൽ ഡെയറി ഡവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെയുള്ള പരിപാടി, കൃത്രിമ ബീജദാനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടി എന്നിവ നടപ്പിലാക്കിവരുന്നു.

ശ്രീ. ടി.പി.എം. സാഹിർ: സർ, നമ്മുടെ കുടുംബിനികൾക്ക് ഐശ്വര്യ പൂർണ്ണമായി നടത്താൻ പറ്റുന്ന ഒരു തൊഴിലായിരുന്നു ക്ഷീര വ്യവസായം. പശു വീട്ടിൽ ഉണ്ടാകുന്നത് ഐശ്വര്യത്തിന്റെ ഒരു ചിഹ്നമായി നാം കരുതുന്നു. ഇവിടെ അങ്ങ് ഉത്തരം നൽകിയതിൽ 5.87 ലിറ്റർ മെട്രിക് ടൺ ഷോർട്ടേജ് ഉണ്ടെന്നു കാണുന്നു. ഇത്തരുണത്തിൽ സഹകരണ മേഖലയിൽ കുടുംബിനികളെ, ഇപ്പോഴുള്ള കുടുംബശ്രീ പോലുള്ള യൂണിറ്റുകളെ സഹായിക്കാനായി മൃഗസംരക്ഷണ വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഡെയറി വകുപ്പിലാണ് രണ്ടു പശുക്കളെ കൊടുക്കുക, നാല് പശുക്കളെ കൊടുക്കുക ഇങ്ങനെയുള്ള സ്കീമുകൾ ഉള്ളത്. കുടുംബശ്രീക്ക് പ്രത്യേകമായിട്ട് ഇല്ല. അവർ അപേക്ഷിച്ചാലും ഇതിന്റെ അടിസ്ഥാനത്തിൽ കൊടുക്കാൻ കഴിയും.

ശ്രീ. ടി. പി. എം. സാഹിർ: സർ, തീറ്റകളുടെ ഇനത്തിൽ കെമിക്കൽസ് ചേർക്കുന്നു അതുകൊണ്ടാണ് പാലിലും അതിന്റെ അംശങ്ങൾ കലരുന്നത് എന്നുള്ള ഒരു റിപ്പോർട്ട് മനോരമ പ്രസിദ്ധീകരിക്കുകയുണ്ടായി. അതുകൊണ്ട് തീറ്റകൾ ഉണ്ടാക്കുന്ന സ്ഥലത്തും അതിൽ ചേർക്കുന്ന ingredients ലും ഗവൺമെന്റ് നിഷ്കർഷ പാലിക്കണം. അതിന് വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കാലിത്തീറ്റ കേരളത്തിന് ആവശ്യമായിട്ടുള്ളത് ഇപ്പോഴും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. പുറത്തുനിന്ന് വരുന്നുണ്ട്. കാലിത്തീറ്റയിൽ ആവശ്യമായിട്ടുള്ള മിനറൽസ് ചേർക്കാതെയുണ്ടോ, കെമിക്കൽസ് ഏതെങ്കിലും ചേർക്കുന്നുണ്ടോ, എന്നതിനെ സംബന്ധിച്ച് പരിശോധിച്ചു നോക്കാം. പുറത്തു നിന്ന് വരുന്നതായിരിക്കാം. ഇവിടെ മിൽമയുടേയും പ്രൈവറ്റ് വ്യക്തികളുടേയും കാലിത്തീറ്റ ഫാക്ടറികൾ ഉണ്ട്. കേരളാ ഫീഡ്സ് ഉണ്ട്. ഇവർ ഉണ്ടാക്കുന്ന തീറ്റ ഗവൺമെന്റ് പരിശോധിച്ചു നോക്കുന്നതാണ്. വിതരണത്തിന് മുമ്പ് പരിശോധിക്കണമെന്ന് നിർദ്ദേശം നല്കാം. ഈ കമ്പനികളെ സംബന്ധിച്ച് പരാതി കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : പാലിൽ കൊഴുപ്പു കൂട്ടി മാർക്കറ്റ് പിടിച്ചെടുക്കാനുള്ള ശ്രമം വളരെ ശക്തമായി നടക്കുന്നുണ്ടെന്ന് അറിയുന്നു. വിശേഷിച്ചും മറ്റ് സംസ്ഥാനത്തിൽ നിന്ന് കൊണ്ടുവരുന്ന പാലിലാണ് ഈ മായം ചേർക്കൽ നടക്കുന്നത്. തമിഴ്നാട്ടിൽ നിന്നും മറ്റും വരുന്ന പാലിൽ ഇത്തരം മായം ചേർക്കലും അതുപോലെ കൊഴുപ്പുകൂട്ടുന്ന നടപടിയും തുടരുന്നതായി അറിയുന്നതുകൊണ്ട് ഇതു സംബന്ധിച്ച് വല്ല അന്വേഷണവും നടത്തുന്നുണ്ടോ? ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിൽ വല്ല ഫലപ്രാപ്തിയും സിദ്ധിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പാലിൽ കൃത്രിമമുള്ളതു നോക്കുന്നതിനായി ഫുഡ് അഡൽട്ടറേഷൻ ആക്ട് പ്രകാരം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ട്. ഡെയറി വകുപ്പിന് പരിശോധിച്ചുനോക്കാനും റിപ്പോർട്ടു ചെയ്യാനും മാത്രമാണ് അധികാരമുള്ളത്. ശിക്ഷിക്കാനധികാരമില്ല. എസൻഷ്യൽ കമോഡിറ്റീസ് ആക്ട് വച്ച് ഏതെങ്കിലും വിധത്തിൽ നടപടി എടുക്കാൻ ക്ഷീര വികസന വകുപ്പിന് സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്. പല ഭക്ഷണ പദാർത്ഥങ്ങളും പരിശോധന നടത്തേണ്ടത് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ആയതുകൊണ്ട് അവർക്ക് ഇതിൽ മാത്രമായി ശ്രദ്ധ ചെലുത്താൻ സാധിക്കുന്നില്ല എന്നുള്ളത് പരമാർത്ഥമാണ്.

ശ്രീ. സി. മോയിൻകുട്ടി : സർ, പാൽ ഉൽപ്പാദനത്തിൽ നമ്മുടെ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി വിജ്ഞാന വ്യാപനം, ഗുണമേന്മ ഉറപ്പുവരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ഒട്ടേറെ മുന്നോട്ടുപോകുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞു. ഇക്കാര്യത്തിൽ സർക്കാർ തരിശ് ഇട്ടിട്ടുള്ള സ്ഥലങ്ങളിലും ഭൂഉടമകൾ തരിശായി ഇട്ടിരിക്കുന്ന സ്ഥലങ്ങളിലു മൊക്കെത്തന്നെ ഗുണനിലവാരമുള്ള കാലിത്തീറ്റ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും പച്ചപ്പുല്ല് കൃഷി വ്യാപിപ്പിക്കുന്നതിനും ആവശ്യമായ വല്ല നടപടികളും നിയമനിർമ്മാണംവഴി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഫലപ്രദമായി, പ്രായോഗികമായി ഇതല്ലാതെ മറ്റെന്ത് വികസനമാണ് ഈ രംഗത്ത് എന്നൊന്ന് വിശദമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, നിയമനിർമ്മാണം ഇല്ലാതെതന്നെ ഇപ്പോൾ ഡെയറി ഡിപ്പാർട്ടുമെന്റ് പച്ചപ്പുല്ല് ഉൽപ്പാദനത്തിന് കൃഷിക്കാരെ സഹായിക്കുന്നുണ്ട്, അതിനാവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. അതുപോലെ കെ. എൽ. ഡി. ബോർഡ് അവരുടെ അധീനതയിലുള്ള പ്രദേശത്ത് പച്ചപ്പുല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്, അതിനാവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. മുഴുവൻ പശുക്കൾക്കും ആവശ്യമായിട്ടുള്ള പച്ചപ്പുല്ലോ അതുപോലെ വൈക്കോലോ നമ്മുടെ സംസ്ഥാനത്ത്

ഉൽപ്പാദിപ്പിക്കുന്നില്ല. അത് യാഥാർത്ഥ്യമാണ്. നെൽക്കൃഷി കുറഞ്ഞുവരുന്നതിനാൽ വൈക്കോലിന്റെ ഉല്പാദനം കുറഞ്ഞു. കോയമ്പത്തൂരിൽ നിന്ന് വൈക്കോൽ എൻ.ഡി.ഡി.ബി. മുഖേന ലഭ്യമാക്കാൻവേണ്ട നടപടികൾ ആലോചിച്ചുവരുന്നുണ്ട്. അത് ചർച്ച ചെയ്ത് ഫലപ്രദമായിട്ട് ഫാക്ടറി ഉണ്ടാക്കുന്ന രൂപത്തിലേക്ക് വരികയാണ്. പുതിയതായി അസോള എന്ന പച്ചപ്പുല്ല് കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിച്ചുവരുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പാൽ ഉൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഏറ്റവും ബുദ്ധിമുട്ടുള്ളത് ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഗുണനിലവാരമുള്ള പശുക്കളില്ല എന്നതാണ്. ഗുണനിലവാരമുള്ള പശുക്കൾ ഉണ്ടാകണമെങ്കിൽ ഗുണനിലവാരമുള്ള കൃത്രിമ ബീജസങ്കലനം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കെ. എൽ. ഡി. ബോർഡ് വിതരണം ചെയ്യുന്ന ബീജത്തിന് ഗുണനിലവാരമില്ല എന്ന് വ്യക്തമായിരിക്കുകയാണ്. പുറത്തുനിന്ന് ബീജം കൊണ്ടുവരുന്നതിന് ഇപ്പോൾ തടസ്സങ്ങൾ ഉണ്ട്. നിയന്ത്രണങ്ങൾ ഉണ്ട്. ആ തടസ്സങ്ങൾ നീക്കി, പുറത്തുനിന്ന് ബീജം കൊണ്ടുവരാനുള്ള അനുവാദം നല്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, പറഞ്ഞതു മുഴുവൻ ശരിയല്ല. കെ.എൽ.ഡി. ബോർഡ് ഉൽപ്പാദിപ്പിക്കുന്നതായിട്ടുള്ള ബീജത്തിന് ഗുണമേൻമയില്ലെന്നു പറയുന്നത് ശരിയല്ല, ഗുണമേൻമയുണ്ട്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ബീജം പുറത്തും വിൽക്കുന്നുണ്ട്. പക്ഷെ ഇന്ന് ചില ആളുകൾ ഈ ബീജത്തിനെ സംബന്ധിച്ച് സംശയം പ്രകടിപ്പിക്കുന്നതുകൊണ്ട്, ഈ മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഒരു അന്വേഷണത്തിനും അതിന്റേതായിട്ടുള്ള റിപ്പോർട്ട് പ്രിപ്പെയർ ചെയ്തു ഗവൺമെന്റിന് സമർപ്പിക്കാനും ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സങ്കരയിനം പശുക്കളുള്ളത് കേരളത്തിലാണ്. നമ്മുടെ പശുക്കളെക്കാൾ പാലുല്പാദനമുള്ള സങ്കരയിനം പശുക്കളുമുണ്ട്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : പാലിന്റെ ആഭ്യന്തര ഉൽപ്പാദനം കുറയുന്നു. ക്ഷീരകർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല, മാത്രമല്ല പുറത്തുനിന്നുള്ള പാൽ അമിതമായി കടന്നുവരികയും ചെയ്യുന്നു. ഈ കാര്യങ്ങളിൽ ഗവൺമെന്റിന് ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ പറ്റുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, പുറത്തുനിന്ന് പാൽ വരാതെ ഇപ്പോൾ നമുക്ക് കേരളത്തിൽ പാലിന്റെ ആവശ്യം നിറവേറ്റാൻ പറ്റുന്നില്ല, ഈ ഗവൺമെന്റ് ചാർജ് എടുക്കുന്ന അവസരത്തിൽ നമ്മുടെ നാട്ടിൽ പാൽ ഉൽപ്പാദനം ഒരു ലക്ഷം ടൺ കൂടുതൽ ആയിരുന്നു. ഇന്ന് ഇപ്പോൾ ഒന്നര ലക്ഷം ടൺ കുറവാണ്. നമുക്ക് പുറത്ത് നിന്ന് പാൽ വരണം, പുറത്തുനിന്ന് പാൽ വരാതെ നമ്മുടെ ആവശ്യം നിറവേറ്റാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉളവായിരിക്കുന്നു. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പാൽ ഉൽപ്പാദനത്തിൽ ബ്രീഡ് മാത്രമല്ല, ഫീഡും പ്രധാന ഘടകമാണ് എന്നുള്ള വാദം ഇന്ന് ഉണ്ടായിരിക്കുകയാണ്. ദക്ഷിണ കാലിഫോർണിയയിൽ പ്രവർത്തിക്കുന്ന നമ്മുടെ നാട്ടുകാരനായ ശ്രീ. ലക്ഷ്മണന്റെ തിയറി അതാണ്. ഗവൺമെന്റ് അതും പരിശോധിക്കാൻ ശ്രമിക്കുന്നു. വിശദമായി പരിശോധിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ വാദമുഖങ്ങളാണ് ബ്രീഡും, ഫീഡും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളിൽ പശുക്കൾക്കുള്ള രോഗപ്രതിരോധ നടപടികൾ ഉൾപ്പെടുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ ഈ അടുത്തിടെ കുളമ്പുരോഗം ബാധിച്ച് നിരവധി പശുക്കൾ മരണപ്പെട്ടു. യാതൊരുവിധ സഹായവും ആ ക്ഷീര കർഷകർക്ക് കിട്ടിയിട്ടില്ല. ഇങ്ങനെ രോഗം ബാധിച്ചു മരിക്കുന്ന കന്നുകാലികളുടെ ഉടമകൾക്ക് പ്രത്യേക സഹായം കൊടുക്കുന്നതിനുവേണ്ടിയുള്ള വല്ല പദ്ധതിയും ഗവൺമെന്റിനുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇതിനെ സംബന്ധിച്ച്, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ക്ഷീര കർഷകരെ സഹായിക്കാമെന്ന് ഞാൻ ഉറപ്പു പറഞ്ഞിരുന്നു, അതനുസരിച്ച് കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. കണക്കിലുള്ള വൈരുദ്ധ്യം കൊണ്ടാണ് കൊടുക്കൽ നീണ്ടുപോകുന്നത്. ഏതായാലും അവർക്ക് ചെറിയ തോതിലെങ്കിലും നഷ്ടപരിഹാരം കൊടുക്കും, വിലയുടെ സബ്സിഡി തുക നഷ്ടപരിഹാരമായി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്, നടപടികളും എടുക്കുന്നുണ്ട്. പാൽ ഉൽപ്പാദനക്കുറവും രോഗപ്രതിരോധ പ്രവർത്തനത്തിന്റെ കുറവും. ഈ ഗവൺമെന്റ് വരുന്നതിന് മുൻപ് മൂന്നു കൊല്ലം തുടർച്ചയായി വാങ്ങിച്ചിരുന്ന മരുന്നുകൾ അതിന്റെ എക്സ്പയറി ഡേറ്റ് കഴിഞ്ഞവയായിരുന്നു. അതുകൊണ്ട് അത് ഇമ്മ്യൂണിറ്റി ഇല്ലാത്തതായിരുന്നു. അതുകൊണ്ടാണ് കാലാന്തരത്തിൽ രോഗം വരുന്നതിന് ഇടയായത്. Foot and mouth രോഗം വന്നു കുറേ പശുക്കൾ ചത്തു. ഇപ്പോൾ കേരളത്തിൽ എൻ.ഡി.ഡി.ബി.യുടെ സഹായത്തോടുകൂടി ഒരു ഡിസീസ് ഫ്രീ സോൺ ഉണ്ടാക്കുവാൻ 32 കോടി രൂപ അവർ അനുവദിച്ചിട്ടുണ്ട്. ഡിസീസ് ഫ്രീ സോണിനും ജില്ലകളിൽ മരുന്നു വാങ്ങുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ ശരിയാക്കിയിരിക്കുന്നു. രോഗപ്രതിരോധത്തിനു വേണ്ടിയുള്ള എല്ലാ നടപടികളും എടുക്കുന്നുണ്ട്. ഇക്കൊല്ലവും Foot and mouth രോഗം മൂവാറ്റുപുഴയിലുണ്ടായിരിക്കുന്നു. എന്നാൽ വേഗം രോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ലോക്കൽ ബോഡീസിന്റെ സഹകരണത്തോടെ ഗവൺമെന്റ് ചെയ്യുന്നു.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : ഗുണനിലവാരം കുറഞ്ഞ പാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും വരുന്നത് നിയന്ത്രിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അത് ഞാൻ മുമ്പ് പറഞ്ഞതായിരുന്നു. പാൽ നല്ലതാണോ എന്ന് നോക്കാൻ നമ്മുടെ നാട്ടിൽ ഇന്ന് നിയമമുണ്ട് (Food Adulteration Act). പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥൻമാരുമുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർമാരും ഡെയറി ഇൻസ്പെക്ടർമാരും അത് പരിശോധിക്കുന്നുണ്ട്. ഡെയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് റിപ്പോർട്ട് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൊടുക്കുന്നുണ്ട്. എന്നാൽ വളരെ കൂടുതൽ കേസുകൾ പിടിക്കാനും ശിക്ഷിക്കാനും കഴിയുന്നില്ല. ഗുണനിലവാരം കുറഞ്ഞ പാൽ ധാരാളം വരുന്നുണ്ട് എന്നാണ് പരാതി. ഈ അടുത്ത കാലത്ത് അത് എങ്ങനെ നേരിടാം എന്നതിനെക്കുറിച്ച് ഗവൺമെന്റ് ഒരു കോൺഫറൻസ് വിളിച്ചു. Essential Commodities Act-ന്റെ ചില നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ഷീരവികസനവകുപ്പുതന്നെ ഇതിനാവശ്യമായ നടപടികൾ എടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത വരുത്താൻ വേണ്ടിയുള്ള നടപടികൾ പറഞ്ഞതിന്റെ കൂട്ടത്തിൽ, ബഹുമാനപ്പെട്ട മന്ത്രി ഒന്നര ലക്ഷം ടൺ പാൽ ഉല്പാദനം കുറഞ്ഞു എന്നു പറഞ്ഞു. . ഇവിടെ അത് ഇനിയും കുറഞ്ഞുവരികയാണ്. കുളമ്പുരോഗംമൂലം മരണപ്പെട്ടു എന്ന് പറഞ്ഞു. പേപ്പട്ടി കടിയേറ്റ് ധാരാളം പശുക്കൾ ചത്തതായ റിപ്പോർട്ട് തൃശ്ശൂരിൽ നടന്ന വെറ്ററിനറി കോൺഫറൻസിൽ പാസ്സാക്കിയ പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചു. 20 ശതമാനം പാലുൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുരണ്ടര വർഷമായി കുറഞ്ഞുവരികയാണ്. കന്നുകുട്ടി പരിപാലനം പോലെയുള്ള നടപടികൾ കുറഞ്ഞുവരികയാണ്. ഈ അവസ്ഥയിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ പാൽ വരുന്നത് തടയുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയുന്ന തരത്തിൽ ക്ഷീര കർഷകരെ സഹായിക്കാനും അവർക്ക് സബ്സിഡി ഉൾപ്പെടെയുള്ള കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : 26 ലക്ഷം ലിറ്റർ പാൽ കുറഞ്ഞു എന്ന് പറയുന്നത് എങ്ങനെയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെ ഞാൻ ഇവിടെ പറഞ്ഞിട്ടില്ല. ഏത് കണക്ക് വച്ചാണെന്നും മനസ്സിലാകുന്നില്ല. ഏതായാലും അങ്ങനെയില്ല. അത് നിഷേധിക്കുകയാണ്. പാലുല്പാദനം പലകാരണങ്ങളാൽ കുറഞ്ഞിട്ടുണ്ട്. പട്ടിയെ കൊന്നുകൂടാ എന്ന കേന്ദ്രതീരുമാനത്തിൽനിന്നും നമ്മൾ രക്ഷപ്പെട്ടു. കേരള ഹൈക്കോടതി ഒരു വിധിയിലൂടെ പട്ടിയെ കൊല്ലാമെന്ന് പറഞ്ഞു. അതുകൊണ്ട് ഇനി കൂടുതൽ പേപ്പട്ടി കടിക്കാൻ പോകുന്നില്ല. ഇത് രണ്ടുംകൊണ്ട് പാൽ വർദ്ധിച്ചതോതിൽ കുറഞ്ഞു എന്ന് ധരിക്കരുത്. രോഗവുമുണ്ട്. രോഗംമൂലം പല കർഷകരും പശുക്കളെ വിറ്റു. ഇപ്പോൾ ഗവൺമെന്റിന് രോഗം നിയന്ത്രിക്കുന്നതിനു കഴിഞ്ഞു. ആവശ്യമായ മരുന്നുകൾ എല്ലാ ആശുപത്രികളിലും ഉണ്ട്. കന്നുകുട്ടി പരിപാലനം നിരോധിച്ചിട്ടില്ല. കൂടുതൽ ഊർജ്ജിതമായി നടത്തുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് നടത്തും. അതുകൊണ്ട് പാലുൽപ്പാദനം കുറയാൻ പോകുന്നില്ല. നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മയും, ബുദ്ധിമുട്ടും,

പ്രയാസങ്ങളുമുള്ളപ്പോൾ കൃഷിക്കാർക്ക് അഡീഷണൽ വരുമാനവും തൊഴിലും ഉണ്ടാകുന്നതു കാലിവളർത്തലിലൂടെയാണ്. അത് ഏത് വിധത്തിലും വർദ്ധിപ്പിക്കാൻ വേണ്ട ശ്രമങ്ങൾ നടത്താനാണ് ഗവൺമെന്റ് തീരുമാനിച്ചത്. കാലിവളർത്തൽ കൂടുതൽ കൃഷിക്കാരെ ഉൾപ്പെടുത്തി കൂടുതൽ ലാഭകരമാക്കാൻ ശ്രമിക്കും.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, പാലുൽപ്പാദക രംഗത്തെ സ്വയം പര്യാപ്തതയെ കുറിച്ചാണ് ഈ സഭയിൽ ചർച്ച ചെയ്യുന്നത്. ദൗർഭാഗ്യത്തിന് ഉൽപ്പാദന രംഗത്തും വിതരണ രംഗത്തും ദുഃഖകരമായ ചില നടപടികൾ നടക്കുന്നത് ഈ സഭ അറിയണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം എന്നാണ് എന്റെ അഭ്യർത്ഥന. 1990-കളിൽ നമ്മുടെ സംസ്ഥാനത്ത് ജി.ഡി.പി. 11.5 ശതമാനമായിരുന്നു. പോസിറ്റീവ് ഗ്രോത്ത് റേറ്റുള്ള സംസ്ഥാനമായിരുന്നു. ഇന്നത് ഒരു ദിവസം ഒന്നര ലക്ഷം ലിറ്റർ കുറവായി മിൽമയിൽ വന്നിരിക്കുന്നു. സമീപ കാലത്ത് കാറ്റിൽ സെൻസസിൽ കറവ മാടുകളുടെ എണ്ണത്തിൽ 20 ശതമാനം കുറവുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, നിലവിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനു പകരം പാൽ ക്ഷാമമുള്ള ഒരു സംസ്ഥാനത്ത് ഒരു കമ്പനിയുമായി ചേർന്ന് ജോയിന്റ് വെൻചർ കമ്പനി ഉണ്ടാക്കി കർഷകരെ കൂടുതൽ പീഡിപ്പിക്കാനുള്ള ഹിമാലയൻ അബദ്ധം ഈ ഗവണ്മെന്റ് അല്ലെങ്കിൽ മിൽമ ചെയ്തു. അതിന് പരിഹാരം ഉണ്ടാക്കാൻ വരുന്ന മാർച്ചിൽ ആ എഗ്രിമെന്റ് ഒപ്പിടാതിരിക്കാൻ ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എഗ്രിമെന്റ് മിൽമയും എൻ.ഡി.ഡി.ബി.-യുടെ കീഴിലുള്ള ഒരു വകുപ്പായ മദർ ഫുഡ്സുമായിട്ടാണ്. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ ആയിരുന്നു മിൽമയുടെ ചെയർമാനായി ആദ്യം വന്നത്. ദീർഘകാലം അദ്ദേഹം ചെയർമാൻ ആയിരുന്നു. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെയാണ് രണ്ടാമത് മിൽമയെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പുനഃസംഘടിപ്പിച്ചത്. ഓപ്പറേഷൻ ഫ്ളഡിൽ ഉൾപ്പെടുത്തിയാണ് ഇതുവരെ എൻ.ഡി.ഡി.ബി.-യുടെ സഹായത്തോടെ നടപടികൾ സ്വീകരിച്ചത്. പാലുൽപ്പാദന മേഖലയിൽ ലാഭമുള്ള വശമാണ് മിൽമയും മദർ ഫുഡ്സും കൂടി ചേർന്നെടുത്തിരിക്കുന്ന പാൽ വിപണനം. പക്ഷേ ആദായം എൻ. ഡി. ഡി. ബി. കൊണ്ടുപോകുന്നില്ല; ക്ഷീരകർഷകരുടെ ക്ഷേമത്തിന് ഉപയോഗിക്കും. ഇതു പരീക്ഷണാർത്ഥം നടത്താൻ തിരുമാനിച്ചു. അതിൽ തെറ്റും കുറ്റവും ഉണ്ടാകും. പല കാര്യത്തിലും എൻ.ഡി.ഡി.ബി. സഹായിക്കുന്നുണ്ട്. 32 കോടി രൂപയുടെ സഹായം ഡിസീസ് ഫ്രീ സോൺ കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ മരുന്നിനും മറ്റും അവർ തരാൻ തയ്യാറാണ്. ഗവൺമെന്റുമായി എഗ്രിമെന്റായി. മിൽമ പ്ലാന്റുകളുടെയും ചില്ലിംഗ് പ്ലാന്റുകളുടെയും കപ്പാസിറ്റി വർദ്ധിപ്പിക്കാനായി 35 കോടി രൂപ കടം തന്നു. ഏതായാലും പരീക്ഷണാർത്ഥം തുടങ്ങിയതാണ്. അതിൽ കണ്ടിഷൻസുണ്ട്. അതെല്ലാം ശ്രീ. പ്രയാർ ഗോപാലകൃഷ്ണനറിയാം. ഇത് ദോഷകരമാണെന്ന് കണ്ടാൽ രണ്ടുകൂട്ടർക്കും നോട്ടീസ് കൊടുത്ത് പിൻവാങ്ങാം. അങ്ങനെ ഒരു വ്യവസ്ഥ അതിൽ രണ്ടാമത് കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് പാൽ ഉൽപ്പാദനത്തെ നശിപ്പിക്കാൻ വേണ്ടിയുള്ളതല്ല. ക്ഷീര കർഷകരുടെ പ്രശ്നത്തിനു

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമായാണ്. പരീക്ഷണാർത്ഥം നമുക്ക് അഡ്വാൻസ് നൽകാൻ കഴിയുമോ എന്ന് നോക്കാൻ ഉണ്ടാക്കിയ എഗ്രിമെന്റാണ്. സാവകാശം കൊടുക്കാം. നമ്മൾ വിചാരിച്ച വിധത്തിലല്ലെങ്കിൽ നമുക്ക് അതിൽനിന്നും പിൻവലിയാം.

ശ്രീ. എം. വി. ജയരാജൻ : സർ, പാലുൽപ്പാദനം വർദ്ധിപ്പിക്കാനും ഗുണമേൻമയുള്ള പാൽ നമ്മുടെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമെന്നാണ് ഇവിടെ ഉത്തരത്തിൽ വ്യക്തമാക്കിയത്. അങ്ങയുടെ കീഴിലുള്ള രണ്ട് വകുപ്പുകൾ—മൃഗസംരക്ഷണ വകുപ്പും, ഡെയറി വകുപ്പും—മുഖേനയാണ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള പാൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകുന്നതിനും കഴിയത്തക്ക നിലയിൽ പ്രവർത്തനങ്ങൾ നടക്കേണ്ടത്. ഈ രണ്ടു വകുപ്പുകളിലും ഇപ്പോൾ തസ്തിക വെട്ടിക്കുറയ്ക്കലിന്റെ ഭാഗമായി—മൃഗ സംരക്ഷണ വകുപ്പിൽ 182 പുനർ വിന്യാസവും 134 വെട്ടിക്കുറയ്ക്കലും, ഡെയറി വകുപ്പിൽ 62 വെട്ടിക്കുറയ്ക്കലും 41 പുനർ വിന്യാസവും—മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി ഡോക്ടർമാർ ഉൾപ്പെടെയുള്ള വരേയും, ഡെയറി വകുപ്പിൽ ഡെയറി എക്സ്റ്റൻഷൻ ഓഫീസറെപ്പോലെയുള്ള, ഈ രംഗത്ത് സാങ്കേതികമായി വിവിധ ഓഫീസുകളെ നയിക്കേണ്ടുന്ന ഉത്തരവാദപ്പെട്ടവരുടെ തസ്തിക അടക്കം ഇങ്ങനെ റദ്ദാക്കുകവഴി നമ്മുടെ പാലുൽപ്പാദന കാര്യത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമോ? ഈ വകുപ്പുകളുടെ വിവിധ ഓഫീസുകൾ നമ്മുടെ ഗ്രാമങ്ങളിൽ ഇല്ലാതാകുന്ന വിധത്തിൽ കാര്യങ്ങൾ നീങ്ങുകയാണ്. ഗവൺമെന്റ് തലത്തിൽത്തന്നെ ചർച്ച ചെയ്ത് ഇത് പുനപരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: യൂണിയന്റെ അഭിപ്രായമാണ് ഇവിടെ പറഞ്ഞത്. ഓഫീസുകളിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥൻമാൻ ഉണ്ടോ എന്ന് നോക്കണം. ഒരു ഗ്രാമ പഞ്ചായത്തിലും വെറ്ററിനറി ഹോസ്പിറ്റലുകൾ നിറുത്തലാക്കിയിട്ടില്ല. വെറ്ററിനറി ഡോക്ടർമാരുടെ തസ്തികയും നിർത്തലാക്കിയിട്ടില്ല. ഇപ്പോൾ വേക്കൻസി ഉള്ള സ്ഥലങ്ങളിൽ എംപ്ലോയ്മെന്റിൽനിന്നും നിയമിക്കാൻ താമസം നേരിടുകയാണെങ്കിൽ നേരിട്ട് അപ്പോയിന്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ആവശ്യത്തിൽ കൂടുതൽ ഡോക്ടർമാരും ചില സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥൻമാരും ഉണ്ട്. കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുവേണ്ടിയുള്ള ഒരു കുത്തിവയ്പ് മാത്രം നടത്തുന്ന സെന്ററുകളുണ്ട്. ഒരു ഉദ്യോഗസ്ഥനെ 3,000, 5,000 രൂപ ശമ്പളം കൊടുത്താണ് ഗവൺമെന്റ് നിയമിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ വളരെ സൂക്ഷിച്ചാണ് ഈ സെന്ററുകൾ നിർത്തലാക്കാൻ റെക്കമെന്റ് ചെയ്തത്. എന്ന് മാത്രമല്ല, എവിടെയൊക്കെ നിയമിക്കണം, നിർത്തലാക്കണം എന്ന് വെറ്ററിനറി ഡയറക്ടറുമായി ചർച്ച ചെയ്താണ് തീരുമാനിച്ചത്. നമുക്ക് ആവശ്യത്തിൽ കൂടുതൽ ഉദ്യോഗസ്ഥൻമാരുണ്ടായാൽ ശമ്പളം മാത്രമേ നടക്കുകയുള്ളൂ. ഒരു പ്ലാനിംഗും ഈ നാട്ടിൽ നടക്കുകയില്ല.

മി. സ്പീക്കർ: ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly